ചേർത്തല താലൂക്കിൽ ഭൂമിയുടെ ഫെയർ വാല്യൂ

79(2700) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽപ്പെട്ട ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു, എന്തുകൊണ്ടാണ് ഒട്ടേറെ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമികളുടെ ഫെയർവാല്യൂ ഉൾപ്പെടാതെ പോയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഫെയർവാല്യൂ നിശ്ചയിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും ഉദ്യോഗസ്ഥ തലത്തിൽ നടന്ന നടപടിയായിരിക്കേ ഫെയർവാല്യൂ നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ഭൂമി അത്യാവശ്യ കാര്യങ്ങൾക്ക് ക്രയവിക്രയം ചെയ്യുന്നതിന് കഴിയാത്തവിധമാക്കിയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(ഡി) പ്രസ്തുത ആവശ്യത്തിനായി സർക്കാർ ഓഫീസുകളുടെ പടികൾ മാസങ്ങളായി കയറിയിറങ്ങുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽപ്പെട്ട ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിന് കക്ഷികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ച് ന്യായവില നിശ്ചയിച്ചുവരുന്നു.

(ബി) വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ സംയുക്തമായി ഓരോ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലങ്ങൾ പരിശോധന നടത്തിയാണ് ന്യായവില നിശ്ചയിച്ചത്. ചില സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ന്യായവില നിശ്ചയിച്ച അവസരത്തിൽ ന്യായവില നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുള്ള കേസുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് ന്യായവില നിശ്ചയിച്ചുവരുന്നു.

(ഡി) ന്യായവില നിശ്ചയിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly